# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 21 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.sabarimala.kerala.gov.in
prdsabarimala2021@gmail.com

# കാനനപാത തുറക്കാൻ നടപടി പുരോഗമിക്കുന്നു

കരിമല വഴിയുള്ള കാനന പാത തുറക്കുന്നതിനുള്ള നടപടി തുടങ്ങിയതായി ശബരിമല എ.ഡി.എം അർജുൻ പാണ്ഡ്യൻ അറിയിച്ചു. മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ഡിസംബർ മുപ്പതോടെ പാത സഞ്ചാരയോഗ്യമാക്കും. എഡിഎമ്മിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്ന്

(ഡിസം. 22) കാനനപാതയിലൂടെ സഞ്ചരിച്ച് സ്ഥിതിഗതികൾ വിലയിരുത്തും. ഇന്ന് (ഡിസം.22) 11ന് പമ്പയിൽ നടക്കുന്ന അവലോകനയോഗത്തിന് ശേഷമായിരിക്കും പരിശോധന.

18 കിലോമീറ്റർ പൂർണമായും പെരിയാർ വന്യജീവി സങ്കേതത്തിലൂടെയാണ് പാത കടന്നുപോകുന്നത്. ര ് വർഷമായി ജനസഞ്ചാരമില്ലാത്തതിനാൽ പാത സഞ്ചാരയോഗ്യമാക്കേ തു ്. ചിലയിടത്ത് മരങ്ങൾ വീണ് മാർഗ തടസ്സമു ്. ഇവ നീക്കംചെയ്യുകയും അപകടകരമായ മരങ്ങൾ വെട്ടിമാറ്റുകയും അടിക്കാട് നീക്കുകയും ചെയ്യും. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് വനംവകുപ്പിന് നിർദേശം നൽകിയിട്ടു ്. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെ കൂടി സഹകരണത്തോടെയാകും കാനനപാത തെളിക്കുക. പാതയിൽ തീർത്ഥാടകർക്കായി വിശ്രമ കേന്ദ്രങ്ങൾ ഉ ാകും. ഇതിനോടനുബന്ധിച്ച് കടകൾ, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഒരുക്കും. കാർഡിയാക് സെന്ററുകളും അടിയന്തര വൈദ്യ സഹായ കേന്ദ്രങ്ങളും ഒരുക്കും. അയ്യപ്പ സേവാസംഘത്തിന്റെ അന്നദാന കേന്ദ്രങ്ങളു ാകും. വന്യമൃഗങ്ങളിൽ നിന്ന് തീർഥാടകർക്ക് സംരക്ഷണം നൽകുന്നതിന് ര ് കിലോമീറ്റർ ഇടവിട്ട് നിരീക്ഷണ സംവിധാനമൊരുക്കും.

പാത തുറക്കുമ്പോഴും തീർഥാടകർ സമയക്രമീകരണം പാലിക്കണം. രാത്രി വൈകി വനഭൂമിയിലൂടെ യാത്ര ചെയ്യും വിധത്തിൽ തീർഥാടകരെ കടത്തിവിടില്ല. വൈകിയെത്തുന്നവർക്ക് ഇടത്താവളങ്ങളിൽ വിശ്രമിക്കാൻ സൗകര്യം നൽകും.

## ജീവനക്കാർക്ക് ഭക്ഷണമൊരുക്കാൻ ദേവസ്വം മെസ്സ് സജീവം

രാവിലെ ഏഴ് മണി മുതൽ ദേവസ്വം മെസ്സിൽ പ്രാതൽ തയ്യാറായിരിക്കും. ഉച്ചയൂണും അത്താഴവും കഴിഞ്ഞ് രാത്രി 9.30 ന് അടയ്ക്കുന്നതുവരെ മെസ്സ് സജീവം. ശബരിമലയിൽ ജോലിക്കെത്തുന്ന ഉദ്യോഗസ്ഥർക്ക് എക്കാലവും ആശ്വാസമാണ് ഈ മെസ്സ്.

പൊലീസ് ഉദ്യോഗസ്ഥരൊഴികെയുള്ള 2000 ൽ പരം ജീവനക്കാരാണ് ഭക്ഷണത്തിനായി ദേവസ്വം മെസ്സിനെ ആശ്രയിക്കുന്നത്. പ്രാതലിന് ഇഡ്ഢലിയും ദോശയും ഉപ്പുമാവും മാറിമാറി നൽകും. കടലയോ ഗ്രീൻ പീസോ ആയിരിക്കും കറി. ഉച്ചയ്ക്ക് പുഴുക്കലരി ചോറും സാമ്പാറും. ചിലപ്പോൾ അത് പുളിശ്ശേരിയും രസവുമാകും. വൈകുരേം നാലിന് ചായയും ചെറുകടിയും.

അമ്പതോളം   പാചകക്കാരാണ് ജീവനക്കാർക്ക് ഭക്ഷണം തയ്യാറാക്കാനായി മെസ്സിൽ പണിയെടുക്കുത്. അത്രയും പേർ വിളമ്പാനുമു  ്. പ്രധാന ഊട്ടുപുരയ്ക്ക് പുറമെ മാധ്യമപ്രവർത്തകർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് അതത് ഓഫീസ് പരിസരത്തും ഭക്ഷണം എത്തിച്ചുനൽകുന്നു  ്.

വടുതല സ്വദേശിയായ ഗോപിനാഥൻപിള്ളയാണ് ഇവിടുത്തെ പ്രധാന പാചകക്കാരൻ. അദ്ദേഹം പുതുക്കക്കാരനല്ല.   ശബരീശ സിധിയിൽ ദീർഘനാളത്തെ പ്രവർത്തന പരിചയമു  ്. പൂർണ തൃപ്തിയോടെയാണ് ആ പ്രവൃത്തി നിർവഹിക്കുന്നത്.   ഫുഡ് ആന്റ് സേഫ്റ്റി നിർദേശിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊ   ാണ് മെസ്സിന്റെ പ്രവർത്തനം. പാചകത്തിന്   ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരത്തിലോ വൃത്തിയിലോ യാതൊരു വിട്ടുവീഴ്ചയും ചെയ്യാറില്ലെന്ന് മെസ്സിന്റെ ചുമതലയുള്ള സ്പെഷ്യൽ ഓഫീസർ എസ്. ഷിബു പറഞ്ഞു.

**തങ്ക അങ്കി ഘോഷയാത്ര ഇന്ന് (ഡിസംബർ 22) ആറന്മുളയിൽ നിന്നും പുറപ്പെടും; തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന 25ന്, മണ്ഡല പൂജ 26ന്**

മണ്ഡല പൂജയ്ക്ക് ശബരിമല അയ്യപ്പസ്വാമിക്ക്

ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊ   ുള്ള ഘോഷയാത്ര ഇന്ന് (ഡിസംബർ 22) രാവിലെ ഏഴിന് ആറന്മുള ശ്രീപാർഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന 25നും മണ്ഡല പൂജ 26നും നടക്കും. ഘോഷയാത്രയ്ക്ക് വിവിധ സ്ഥലങ്ങളിൽ സ്വീകരണം നൽകും.

ഇന്ന് (22) രാവിലെ അഞ്ചു മുതൽ ഏഴുവരെ ആറന്മുള ക്ഷേത്രാങ്കണത്തിൽ തങ്ക അങ്കി ദർശിക്കാൻ അവസരമു   ്. തിരുവിതാംകൂർ മഹാരാജാവ് ശബരിമല അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്താനായി നടയ്ക്കു വച്ചതാണ് തങ്ക അങ്കി.

തങ്ക അങ്കി ഘോഷയാത്ര എത്തുന്ന സ്ഥലം, സമയം എന്ന ക്രമത്തിൽ: മൂർത്തിട്ട ഗണപതി ക്ഷേതം രാവിലെ 7.15, പുന്നംതോട്ടം ദേവി ക്ഷേത്രം 7.30, ചവിട്ടുകുളം മഹാദേവ ക്ഷേത്രം 7.45, തിരുവഞ്ചാംകാവ് ക്ഷേത്രം 8, നെടുപ്രയാർ തേവരശേരി ദേവി ക്ഷേത്രം 8.30, നെടുപ്രയാർ ജംഗ്ഷൻ 9.30, കോഴഞ്ചേരി ടൗൺ 10.

തിരുവാഭരണപാത അയ്യപ്പ മണ്ഡപം കോളജ് ജംഗ്ഷൻ 10.15, കോഴഞ്ചേരി പാമ്പാടിമൺ അയ്യപ്പക്ഷേത്രം 10.30, കാരംവേലി 11, ഇലന്തൂർ ഇടത്താവളം 11.15, ഇലന്തൂർ ശ്രീഭഗവതി കുന്ന് ദേവി ക്ഷേത്രം 11.20, ഇലന്തൂർ ഗണപതി ക്ഷേത്രം 11.30, ഇലന്തൂർ കോളനി ജംഗ്ഷൻ 11.45, ഇലന്തൂർ

നാരായണ മംഗലം ഉച്ചയ്ക്ക് 12.30.

അയത്തിൽ മലനട ജംഗ്ഷൻ ഉച്ചകഴിഞ്ഞ് 2, അയത്തിൽ കുടുംബയോഗ മന്ദിരം 2.30, അയത്തിൽ ഗുരുമന്ദിരം ജംഗ്ഷൻ 2.40, മെഴുവേലി ആനന്ദഭൂതേശ്വരം ക്ഷേത്രം 2.50, ഇലവുംതിട്ട ദേവി ക്ഷേത്രം 3.15, ഇലവുംതിട്ട മലനട 3.45, മുട്ടത്തുകോണം എസ്എൻഡിപി മന്ദിരം വൈകുന്നേരം 4.30, കൈതവന ദേവി ക്ഷേത്രം വൈകുന്നേരം 5.30.

പ്രക്കാനം ഇടനാട് ദേവി ക്ഷേത്രം വൈകിട്ട് 6, ചീക്കനാൽ 6.30, ഊപ്പമൺ ജംഗ്ഷൻ രാത്രി 7, ഓമല്ലൂർ ശ്രീരക്തകണ്ഠസ്വാമി ക്ഷേത്രം രാത്രി 8.

23ന് രാവിലെ 8ന് ഓമല്ലൂർ രക്തകണ്ഠ സ്വാമി ക്ഷേത്രത്തിൽ നിന്നും അന്നേദിവസത്തെ യാത്ര ആരംഭിക്കും. കൊടുന്തറ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം 9, അഴൂർ ജംഗ്ഷൻ 10, പത്തനംതിട്ട ഊരമ്മൻ കോവിൽ 10.45, പത്തനംതിട്ട ശാസ്താ ക്ഷേത്രം 11, കരിമ്പനയ്ക്കൽ ദേവി ക്ഷേത്രം 11.30, ശാരദാ മഠം മു ുകോട്ടയ്ക്കൽ എസ്എൻഡിപി മന്ദിരം ഉച്ചയ്ക്ക് 12, കടമ്മനിട്ട ഭഗവതി ക്ഷേത്രം ഉച്ചയ്ക്ക് 1.

കടമ്മനിട്ട ഋഷികേശ ക്ഷേത്രം ഉച്ച കഴിഞ്ഞ് 2.15, കോട്ടപ്പാറ കല്ലേലി മുക്ക് 2.30, പേഴുംകാട് എസ്എൻഡിപി മന്ദിരം 2.45, മേക്കൊഴൂർ ക്ഷേത്രം 3.15, മൈലപ്ര ഭഗവതി ക്ഷേത്രം 3.45, കുമ്പഴ ജംഗ്ഷൻ വൈകുന്നേരം 4.15, പാലമറ്റൂർ

അമ്പലമുക്ക് 4.30, പുളിമുക്ക് 4.45, വെട്ടൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രം ഗോപുരപ്പടി 5.30.

ഇളകൊള്ളൂർ മഹാദേവ ക്ഷേത്രം വൈകിട്ട് 6.15, ചിറ്റൂർമുക്ക് രാത്രി 7.15, കോന്നി ടൗൺ രാത്രി 7.45, കോന്നി ചിറയ്ക്കൽ ക്ഷേത്രം രാത്രി 8, കോന്നി മുരിങ്ങമംഗലം ക്ഷേത്രം രാത്രി
8.30.

24ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിൽ നിന്നും രാവിലെ 7.30ന് അന്നേദിവസത്തെ യാത്ര ആരംഭിക്കും. ചിറ്റൂർ മഹാദേവ ക്ഷേത്രം രാവിലെ 8, അട്ടച്ചാക്കൽ 8.30, വെട്ടൂർ ക്ഷേത്രം 9, മൈലാടുംപാറ 10.30, കോട്ടമുക്ക് 11, മലയാലപ്പുഴ ക്ഷേത്രം ഉച്ചയ്ക്ക് 12, മലയാലപ്പുഴ താഴം ഉച്ചയ്ക്ക് 1, മണ്ണാറക്കുളഞ്ഞി ക്ഷേത്രം ഉച്ചയ്ക്ക് 1.15.

റാന്നി രാമപുരം ക്ഷേത്രം ഉച്ചകഴിഞ്ഞ് 3.30, ഇടക്കുളം ശാസ്താ ക്ഷേത്രം വൈകുന്നേരം 5.30, വടശേരിക്കര ചെറുകാവ് 6.30, വടശേരിക്കര പ്രയാർ മഹാവിഷ്ണു ക്ഷേത്രം രാത്രി 7, മാടമൺ ക്ഷേത്രം രാത്രി 7.45, പെരുനാട് ശാസ്താ ക്ഷേത്രം രാത്രി 8.30.

25ന് രാവിലെ എട്ടിന് പെരുനാട് ശാസ്താ ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. ളാഹ സത്രം 9, പ്ലാപ്പള്ളി 10, നിലയ്ക്കൽ ക്ഷേത്രം 11, ചാലക്കയം ഉച്ചയ്ക്ക് 1, 1.30ന് പമ്പയിൽ എത്തിച്ചേരും.

പമ്പയിൽ നിന്നും ഉച്ചകഴിഞ്ഞ് മൂന്നിന് പുറപ്പെട്ട് അഞ്ചു മണിയോടെ ശരംകുത്തിയിൽ

എത്തിച്ചേരും. തുടർന്ന് ശബരിമല ക്ഷേത്രത്തിൽ നിന്നും എത്തുന്ന സംഘം ആചാരപൂർവം സ്വീകരിച്ച് സന്നിധാനത്തേക്ക് തങ്ക അങ്കി ഘോഷയാത്രയെ ആനയിക്കും. പതിനെട്ടാംപടി കയറി സോപാനത്ത് എത്തുമ്പോൾ തന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങി അയ്യപ്പ വിഗ്രഹത്തിൽ തങ്ക അങ്കി ചാർത്തി 6.30ന് ദീപാരാധന നടക്കും. 26 ന് 11.50 നും 1.15നും മധ്യേയുള്ള മുഹൂർത്തത്തിലാണ് മണ്ഡലപൂജ.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.